മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

സത്യവാങ്മൂലവും രേഖകളും സ്വയം സാക്ഷ്യപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ1 വിഭാഗം

നം.4899/എ1/2017/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 10.08.2017

---

പരാമർശം : 1. സർക്കാർ ഉത്തരവ് (അ) നം.24/2014/ഉ.ഭ.പ.വ. തീയതി 31.07.2014.
2. സർവ്വകലാശാലാ പുറത്തെഴുത്ത് നം.1772/എ1/2015/അക്കാദമിക് തീയതി 30.03.2015.
3. ബഹുമാനപ്പെട്ട ചാൻസിലറുടെ കാര്യാലയത്തിൽ നിന്നും 27.02.2017 തീയതിയിലെ കത്ത് നം.GS6-694/2017 മുഖാന്തിരം ലഭിച്ച ശ്രീ. എൻ.ശ്രീഹർഷയുടെ പരാതി.
4. 17.07.2017-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റിന്റെ ഇനം നം.148/17.08/171774 പ്രകാരമുള്ള തീരുമാനം.

## ഉത്തരവ്

ഭാരത സർക്കാരിന്റെ രണ്ടാമത്തെ ഭരണ പരിഷ്ക്കാര കമ്മീഷന്റെ റിപ്പോർട്ടിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സത്യവാങ്മൂലവും രേഖകളും സ്വയം സാക്ഷ്യപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ടി ശുപാർശ അംഗീകരിച്ച്, കേരള സർക്കാർ പരാമർശം (1) പ്രകാരം, ഏതെങ്കിലും നിയമത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളവ ഒഴികെ, അപേക്ഷകളോടൊപ്പം നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രേഖകളും സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി അന്തിമ ഘട്ടത്തിൽ മാത്രം അസ്സൽ രേഖകൾ ഹാജരാക്കണമെന്ന നിബന്ധനയോടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിച്ചാൽ മതിയാകും എന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് സർവ്വകലാശാലയിൽ പരാമർശം (2) പ്രകാരം, നടപ്പിലാക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട ചാൻസിലറുടെ കാര്യാലയത്തിൽ നിന്നും പരാമർശം (3) പ്രകാരം ലഭിച്ച പരാതിയിൽ, കേരളത്തിലുള്ള സർവ്വകലാശാലകളിൽ പരീക്ഷാ സംബന്ധമായി വിദ്യാർത്ഥികൾ സമർപ്പിക്കേണ്ട അപേക്ഷകളിൽ സാക്ഷ്യപ്പെടുത്തൽ ഒഴിവാക്കി സ്വയം സാക്ഷ്യപ്പെടുത്തുന്ന രീതി അനുവദിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്. സർവ്വകലാശാലാ സിൻഡിക്കേറ്റ് ടി വിഷയം പരിഗണിക്കുകയും പരാമർശം (4) പ്രകാരം, സർവ്വകലാശാല പരീക്ഷകളുടെ അപേക്ഷ സാക്ഷ്യപ്പെടുത്തുന്ന വിഷയത്തിൽ റഗുലർ പരീക്ഷകൾക്ക് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തുന്ന രീതിയും പ്രൈവറ്റ്/സപ്ലിമെന്ററി പരീക്ഷകളുടെ കാര്യത്തിൽ സ്വയം സാക്ഷ്യപ്പെടുത്തൽ അംഗീകരിച്ച്, ആധാർ/ഇലക്ഷൻ ഐഡി/ഡ്രൈവിങ്ങ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഫോട്ടോ ഐഡി കാർഡ് പരീക്ഷാ ഹാളിൽ കരുതണമെന്നും നിർദ്ദേശിച്ച് തീരുമാനം എടുക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
3. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/പരീക്ഷ) (ബന്ധപ്പെട്ട സെക്ഷനുകളിൽ അറിയിക്കുന്നതിനായി)
4. പഠന വകുപ്പുകൾ
5. എസി.സി1/എസി.സി2
6. പി.ആർ.ഒ. സെക്ഷൻ/അന്വേഷണ വിഭാഗം/ഇൻഫർമേഷൻ സെന്ററുകൾ
7. കൺസെറൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

ഫയൽ നം.എസി.എ1/2/8404/2017

Sukumaran

സെക്ഷൻ ഓഫീസർ